പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**ഇരുപത്തിരണ്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

1303/2015.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

## ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 1.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ അഞ്ചാമത് റിപ്പോർട്ട് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു. 2014 ജനുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും ഉതകുന്ന 13 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും അത് സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി റിപ്പോർട്ടിന്റെ പകർപ്പുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 11-8-2015-ലെ 4909/സി1/പജ.പവ.വിവ., 7583/ബി3/2014/പജ.പവ.വി.വ. എന്നീ കത്തുകൾ പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 12-8-2015-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ അവയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (2011-14)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ, ആയതിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 13)

കോർപ്പറേഷന്റെ വിദ്യാഭ്യാസ വായ്പകൾ യഥാസമയം അനുവദിക്കണമെന്നും വായ്പയുടെ ജാമ്യവ്യവസ്ഥകൾ കൂടുതൽ സുതാര്യവും ഉദാരവുമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ മറുപടി

കോർപ്പറേഷന്റെ വിദ്യാഭ്യാസ വായ്പകൾ നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാന സർക്കാർ ഓഹരി മൂലധന രൂപത്തിൽ എല്ലാവർഷവും നൽകുന്ന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചാണ്. 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുള്ള സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനവിഹിതം മുൻവർഷത്തെ അപേക്ഷിച്ച് ഇരട്ടിയായി വർദ്ധിപ്പിച്ചതിനാൽ ഇനി മുതൽ വിദ്യാഭ്യാസ വായ്പകൾ കൂടിയ തോതിൽ അനുവദിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വായ്പയുടെ ജാമ്യവ്യവസ്ഥകൾ കൂടുതൽ സുതാര്യവും ഉദാരവുമാക്കണമെന്ന സമിതിയുടെ നിർദ്ദേശം കോർപ്പറേഷന്റെ ഭരണസമിതിയുടെ പരിഗണനയിലാണ്. കോർപ്പറേഷൻ നൽകുന്ന വിവിധ വായ്പകൾക്ക് ഗുണഭോക്താവ് വസ്തു ജാമ്യം സമർപ്പിക്കുമ്പോൾ ആവശ്യമായ വിസ്തൃതി മുൻപ് 5 സെന്റ് ആയിരുന്നത് ഇപ്പോൾ 4 സെന്റായി കുറച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 14)

വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സൗകര്യം ലാപ്ടോപ് ആണെന്ന വസ്തുത കണക്കിലെടുത്ത് കമ്പ്യൂട്ടർ വായ്പയ്ക്ക് അപേക്ഷിക്കുന്നവരിൽ പ്രൊഫഷണൽ കോഴ്സുകൾക്ക്/ മറ്റു കോഴ്സുകളിൽ പഠിക്കുന്നവർ എന്ന് തരംതിരിവില്ലാതെ എല്ലാ അപേക്ഷകർക്കും ലാപ്ടോപ് വാങ്ങുന്നതിന് വായ്പ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

കോർപ്പറേഷൻ നടപ്പിലാക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതിയിൻകീഴിൽ അപേക്ഷിക്കുന്നവർക്ക് സമിതി നിർദ്ദേശിച്ച പ്രകാരം ലാപ്ടോപ് വാങ്ങുന്നതിനുകൂടി സൗകര്യപ്രദമാകുംവിധം വായ്പാനയം പരിഷ്കരിച്ചിട്ടുണ്ട്.

## ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 16)

കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പരിധിയായി നിശ്ചയിച്ചിട്ടുള്ള രണ്ടുലക്ഷം രൂപ 50 സെന്റ് ഭൂമി വാങ്ങുന്നതിന് തികച്ചും അപര്യാപ്തമായതിനാൽ വായ്പാത്തുക നാല് ലക്ഷമായി എങ്കിലും വർദ്ധിപ്പിക്കണമെന്നും ഈയിനത്തിൽ കൂടുതൽ തുക സബ്സിഡി നൽകുന്നതിന് പ്രത്യേക ബഡ്ജറ്റ് വിഹിതം സംസ്ഥാന സർക്കാർ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി

കോർപ്പറേഷൻ നടപ്പിലാക്കുന്ന കൃഷിഭൂമി വായ്പാ പദ്ധതിയിൻകീഴിൽ 50 സെന്റ് ഭൂമി വാങ്ങുന്നതിനായി പദ്ധതി തുക രണ്ടുലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 18)

വ്യവസായ സംരംഭകർക്കുള്ള വായ്പകൾ വരുമാനപരിധിയില്ലാതെ, ഈടുനൽകുന്ന വസ്തുവിന്റെ വിലയ്ക്കനുസരിച്ച് തിരിച്ചടയ്ക്കാൻ കഴിവുള്ള എല്ലാവർക്കും അനുവദിക്കണമെന്നും വായ്പാത്തുക കാലോചിതമായി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

വ്യവസായ സംരംഭകർക്ക് നിലവിൽ കോർപ്പറേഷൻ നൽകുന്ന പരമാവധി വായ്പ വ്യക്തിഗതാടിസ്ഥാനത്തിൽ 3 ലക്ഷം രൂപയാണ്. കോർപ്പറേഷന്റെ പുനർവായ്പാ ഏജൻസിയായ "ദേശീയ പട്ടികജാതി വികസന കോർപ്പറേഷന്റെ" (NSFDC) വായ്പാ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ധനകാര്യ സ്ഥാപനമായ NSFDC-യുടെ വായ്പകൾക്ക് ബാധകമായ വാർഷിക വരുമാനപരിധി എടുത്തുകളയുന്നത് പ്രായോഗികമല്ല.

ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 19)

കോർപ്പറേഷന്റെ വിവാഹവായ്പാ പദ്ധതി പ്രകാരമുള്ള വായ്പാത്തുക രണ്ട് ലക്ഷമായി എങ്കിലും ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

സമിതിയുടെ നിർദ്ദേശം അനുസരിച്ച് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവാഹ വായ്പാ പദ്ധതിയിൻകീഴിൽ പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള വായ്പാത്തുക 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 20)

ഓരോ വർഷവും കോർപ്പറേഷന് അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം അതത് വർഷമുള്ള അപേക്ഷകരുടെ എണ്ണത്തിനനുസൃതമായി ഓരോ ജില്ലകൾക്കും വീതിച്ചു നൽകുന്നതു പ്രായോഗികമാണോ എന്ന് പരിശോധിച്ച് ഇതിന്മേൽ യുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

നിലവിൽ ഓരോ പദ്ധതിയിൻകീഴിലും ലഭ്യമായ ഭൗതികലക്ഷ്യം പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ജനസംഖ്യാനുപാതത്തിൽ പ്രാഥമികമായി വിഭജിച്ചു നൽകുകയാണ് ചെയ്യുന്നത്. എന്നാൽ പദ്ധതിയുടെ

നിർവ്വഹണപുരോഗതി ജില്ലാടിസ്ഥാനത്തിൽ പിന്നീട് വിശകലനം ചെയ്യുകയും കൂടുതൽ ആവശ്യക്കാരുള്ള ജില്ലകളിലേക്ക് അധിക യൂണിറ്റ് അനുവദിച്ചു നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം പരമാവധി തുക വിനിയോഗിക്കുന്നതിനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നതിനും സാധിക്കുന്നു.

ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 24)

ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിന് മുൻപ് വായ്പാത്തുക, തിരിച്ചടവ് കാലാവധി, മറ്റ് വ്യവസ്ഥകൾ എന്നിവയെ സംബന്ധിച്ച് അവബോധം നൽകുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

വായ്പ അനുവദിക്കുന്നതിന് മുമ്പ് വായ്പാത്തുക, തിരിച്ചടവ് കാലാവധി, മറ്റു വ്യവസ്ഥകൾ എന്നിവയെ സംബന്ധിച്ച് വായ്പ നൽകുന്നതിന് മുമ്പായി ജില്ലാ ഓഫീസുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 25)

കോർപ്പറേഷന് അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

കോർപ്പറേഷന് അനുവദിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതം കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും അവ യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 26)

എല്ലാ വായ്പകളുടെയും പരമാവധി തുക ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും അതോടൊപ്പം കോർപ്പറേഷൻ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും, ജാമ്യ വ്യവസ്ഥകൾ ഉദാരമാക്കണമെന്നും വിവിധ വായ്പാത്തുകകൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

എല്ലാ വായ്പകളുടെയും പരമാവധി തുക ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ സാധിക്കുകയില്ല. എന്നാൽ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇനിയും ലഘൂകരിക്കണമെന്നും ജാമ്യവ്യവസ്ഥകൾ ഉദാരമാക്കണമെന്നും ഉള്ള സമിതിയുടെ ശിപാർശ പരിഗണിച്ച് ചില വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുണ്ട്. 5,000 രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പകൾക്ക് ജാമ്യ വസ്തുവിന്റെ വില നിർണ്ണയം ഇല്ലാതെ തന്നെ വായ്പ നൽകി വരുന്നു. കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സ്വയംതൊഴിൽ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കൾക്ക് ബാധകമായ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്.

<u>ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 27)</u>

വായ്പ അനുവദിക്കുമ്പോൾത്തന്നെ അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കളുടെ വായ്പാ വിനിയോഗം സംബന്ധിച്ചുള്ള മോണിറ്ററിംഗ് സംവിധാനം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

വായ്പയുടെ വിനിയോഗം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ജില്ലാ ഓഫീസുകളുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടത്തിവരുന്നുണ്ട്.

<u>ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 28)</u>

കോർപ്പറേഷനിൽ നിന്നും വായ്പയെടുത്തതും കഴിഞ്ഞ 6 വർഷമായി തിരിച്ചടവ് കാലാവധി അവസാനിച്ചതും കുടിശ്ശികയായതുമായ വായ്പകളിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ മുതൽ ഒറ്റത്തവണയായി അടയ്ക്കാൻ തയ്യാറാകുന്നപക്ഷം, പലിശയും പിഴപ്പലിശയും സർക്കാർതലത്തിൽ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

31-3-2015 തീയതിയിലെ സ.ഉ. (പി) നമ്പർ 24/2015 പജ.പവ.വിവ. പ്രകാരം 31-3-2010-ൽ തിരിച്ചടവ് കാലാവധി അവസാനിച്ചതും കുടിശ്ശിക ആയതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് മുതൽ, പലിശ ഇനത്തിൽ 1,00,000 രൂപ വരെ സർക്കാരും പിഴപ്പലിശ, മറ്റിനം എന്നിവ കോർപ്പറേഷനും വഹിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്ത് കുടിശ്ശിക എഴുതി തള്ളൽ പദ്ധതി നടപ്പിലാക്കി വരുന്നു. അവശേഷിക്കുന്ന കുടിശ്ശികതുക ഗുണഭോക്താവ് അടയ്ക്കേണ്ടതാണ്. 1,50,000 രൂപ വരുമാനപരിധി ഉള്ളവർക്കാണ് ഈ ഉത്തരവിന്റെ ആനുകൂല്യം നൽകുന്നത്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത് കുടിശ്ശികയായിട്ടുള്ള വായ്പകൾ തീർപ്പാക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 12-11-2009-ലെ G.O. (P) No. 100/09/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ വായ്പകളിൽ 25,000 രൂപ വരെയുള്ള ബാദ്ധ്യത സർക്കാർ വഹിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം വിവിധ ഘട്ടങ്ങളിലായി ദീർഘിപ്പിച്ചിരുന്നു. 10-12-2013 തീയതിയിലെ സർക്കാർ ഉത്തരവ് അച്ചടി നമ്പർ 99/2013/പജ.പവ.വിവ. പ്രകാരം ഈ പദ്ധതിയിൽ സർക്കാർ ഏറ്റെടുക്കേണ്ട ബാദ്ധ്യത 50,000 രൂപയാക്കി ഉയർത്തുകയും 6-7-2012-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 101/2012/പജ.പവ.വിവ. പ്രകാരം 31-3-2011 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകളുടെ പിഴപ്പലിശ പൂർണ്ണമായും പലിശ 50%വും ഇളവ് ചെയ്ത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും 25,000 രൂപ വരെയുള്ള വായ്പാ കുടിശ്ശിക പരിപൂർണ്ണമായും എഴുതിത്തള്ളിക്കൊണ്ട് എഴുതിത്തള്ളൽ പദ്ധതിയും നടപ്പിലാക്കി യിരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ (വാഹന വായ്പാ പദ്ധതി, അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (ARHS), പുതിയ അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (NARHS), ഇൻകം ജെനറേഷൻ ലിങ്ക്ഡ് അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (IGJHS), പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളിക്കൊണ്ട് 16-10-2014-ലെ സ.ഉ. (കൈ.) നമ്പർ 74/2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 30-3-2015-ലെ സ.ഉ. (അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 29)

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ജോലിഭാരത്തിനനുസൃതമായി വേതന വർദ്ധനവ് ഉറപ്പവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജീവനക്കാർക്ക് ആകർഷകമായൊരു പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. കോർപ്പറേഷനിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ യഥാസമയം പരിഗണിക്കുന്നതാണ്.

<u>ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 30)</u>

കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ അവയുടെ ഫലപ്രാപ്തി, ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്നിവയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തണമെന്നും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ഭാവി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഫലപ്രാപ്തി, ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിന് കോർപ്പറേഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പഠനം നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ SIRD (State Institute of Rural Development) യോട് കോർപ്പറേഷൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവരുമായുള്ള പ്രാഥമിക ചർച്ച പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 നവംബർ 25.